(ഡി) ഫാക്ടറിയുടെ കണക്കുകൾ പരിശോധിപ്പിക്കുമോ;

(ഇ) അവിടെ നിർമ്മിക്കുന്ന സിൽവോസ് പേപ്പർ റീമിന് എന്തു വിലയ്ക്കാണ് വിൽക്കുന്നത്;

(എഫ്) അത് ബാംബെയ്ക്കുമാറ്റം കയറ്റി അയയ്ക്കുന്നത് വിമാനമാർഗ്ഗമാണോ;

(ജി) ബാംബെയിൽ ഈ പേപ്പർ റീമിന് എന്തു വിലയ്ക്ക് വിൽക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പിരിഞ്ഞുകിട്ടിയ മൂലധനത്തിന്റെ 20 ശതമാനം.

(ബി) 96 ലക്ഷം രൂപ കടം കൊടുത്തിട്ടുണ്ട്.

(സി) 1. കമ്പനിയുടെ ഡയക്ടർബോർഡിൽ ഗവണ്മെന്റ് പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ഗവണ്മെന്റ് കമ്പനിയുടെ കണക്കുകൾ പരിശോധിക്കുകയും ആഡിറ്റുചെയ്യുകയും ചെയ്യുവരുന്നു.

(ഡി) ഉണ്ട്.

(ഇ) കള്ളർപേപ്പർ റീമിന 53-8-0 രൂപയും കള്ളറില്ലാത്ത പേപ്പറിന റീമിന 46 രൂപയും വിലയുണ്ട്. ഈ വില എഫ്. ഒ. ആർ. ഡസ്റ്റിനേഷൻ ആണ്.

(എഫ്) ചിലപ്പോൾ ആവശ്യാനുസരണം വിമാനമാർഗ്ഗം അയയ്ക്കാറുണ്ട്. സാധാരണ അയയ്ക്കാറുള്ളത് റെയിൽമാർഗ്ഗവും സ്റ്റീമർമാർഗ്ഗവുമാണ്.

(ജി). (ഇ)-യുടെ ഉത്തരം നോക്കുക.

ശ്രീമൂലം കൈത്തറിനെയ്ത്തു കേന്ദ്രസഹകരണ സംഘം.

* 179. [71] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽസെസ്സ് ഫണ്ട് സ്കീം അനുസരിച്ച് ശ്രീമൂലം കൈത്തറിനെയ്ത്തു കേന്ദ്രസഹകരണസംഘത്തിന് എത്ര രൂപ ഗ്രാന്റായി കൊടുത്തിട്ടുണ്ട്;

(ബി) ലോൺ ഇനത്തിൽ എത്രരൂപ കൊടുത്തിട്ടുണ്ട്;

(സി) ഡിപ്പോകൾക്കു നൽകിയ ഗ്രാന്റ് എത്ര;

(ഡി) റിബേറ്റിനത്തിൽ എത്ര രൂപ കൊടുത്തു;

(ഇ) ഗവണ്മെന്റിൽനിന്നും നൽകിയിട്ടുള്ള തുകകൾക്കു രജിസ്റ്റർചെയ്ത പ്രമാണങ്ങൾ നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സെൻട്രൽ സെസ്സ് ഫണ്ട് സ്കീം അനുസരിച്ച് ശ്രീമൂലം കൈത്തറിനെയ്ത്തു സഹകരണ സംഘത്തിന് 1,48,576-0-6 ഗ്രാന്റായി കൊടുത്തിട്ടുണ്ട്. ഈ തുക റിബേറ്റുഗ്രാന്റും ഡിപ്പോഗ്രാന്റും ഉൾപ്പെട്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലോൺ ഇനത്തിൽ 2,73,780 രൂപ പ്രത്യേക ധനസഹായമായി നൽകിയിട്ടുണ്ട്.

(സി) 57,000 രൂപ.

(ഡി) 86,576 രൂപ. 6 പൈസ.

(ഇ) ഇല്ല, ഗ്രാൻറ് തുകകൾക്ക് രജിസ്റ്റർചെയ്യൽ പ്രമാണങ്ങൾ ആവശ്യമല്ല. വായ്പത്തുകയ്ക്ക് ആവശ്യമായ പ്രമാണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

ഏലക്ട്രിസിറ്റിവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിരിക്കുന്ന അധികാരങ്ങൾ.

*180. [72] ശ്രീ. പി. ടി. ആൻറണി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏലക്ട്രിസിറ്റി വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിരിക്കുന്ന കൂടുതൽ അധികാരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ രൂപകൽപ്പനകൾ തയ്യാറാക്കിക്കഴിഞ്ഞുവോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. കെ. വേലായുധൻ): പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുള്ള കൂടുതൽ അധികാരങ്ങൾ വിനിയോഗപ്പെടുത്തിവരുന്നുണ്ട്. അതിലേയ്ക്കു പ്രത്യേകമായുള്ള രൂപകൽപ്പനകൾ ആവശ്യമില്ല.

വൈദ്യുതിക്ഷാമം.

*181. [73] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ലൈനുകളിൽ വൈദ്യുതി വിതരണം നടത്തുന്നതിനു പോസ്റ്റുകൾ ഇല്ലെന്നുള്ള പരാതി ശരിയാണോ;

(ബി) ഇതു പരിഹരിക്കുന്നതിനു എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. കെ. വേലായുധൻ):

(എ) ആവശ്യമുള്ളത്ര പോസ്റ്റുകൾ ഇപ്പോൾ ഇല്ലെന്നുള്ളതു ശരിയാണ്.

(ബി) ഉണ്ട്.

ഗ്രാമവൈദ്യുതീകരണ പദ്ധതി.

*182. [74] ശ്രീ. ടി. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55 സംബന്ധകാലത്തിൽ ഗ്രാമവൈദ്യുതീകരണ പദ്ധതിക്കുവേണ്ടി എത്ര രൂപ ചെലവായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly